"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതി - അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(കൈ) നം.59/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/03/2020

പരാമർശം:- 1 1. 05.12.2019 ലെ സ.ഉ (കൈ) നം. 157/2019/തസ്വഭവ

2 04.12.2019 ലെ സ.ഉ (കൈ) നം. 156/2019/തസ്വഭവ

3 06.03.2020-ലെ സ.ഉ.(കൈ) നം. 45/2020/തസ്വഭവ

4 14.03.2020-ലെ സ.ഉ(സാധാ) നം.620/2020/തസ്വഭവ

5 20.03.2020 -ലെ സ.ഉ.(കൈ) നം. 55/2020/തസ്വഭവ

6 25.03.2020-ലെ സ.ഉ(സാധാ) നം. 710/2020/തസ്വഭവ

7 26.03.2020-ലെ സ.ഉ(സാധാ) നം. 713/2020/തസ്വഭവ

**<u>ഉത്തരവ്</u>**

2020-21-ലെ പദ്ധതി നിർവഹണം സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാൻ കഴിയുംവിധം വാർഷിക പദ്ധതി കാലേകൂട്ടി തയ്യാറാക്കി അംഗീകാരം വാങ്ങണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും കോവിഡ്-19 രോഗബാധയുടെ പശ്ചാത്തലത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതിന് കഴിഞ്ഞിട്ടില്ല. അങ്കണവാടി പോഷകാഹാരം, പാലിയേറ്റീവ് പരിചരണം തുടങ്ങിയ അനിവാര്യ പ്രോജക്ടുകൾ മുടക്കം കൂടാതെ നിർവഹണം നടത്തേണ്ടതുണ്ട്. മാത്രമല്ല, കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാനുള്ളതിനാൽ അതിനുള്ള പ്രോജക്ടുകളും അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്.

2. സംസ്ഥാനം നേരിടുന്ന അസാധാരണ സാഹചര്യത്തിൽ അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ പുതിയ സാമ്പത്തിക വർഷത്തിന്റെ (2020-21) തുടക്കത്തിൽ ഏറ്റെടുക്കുന്നതിനും അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

2.1 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രോജക്ടുകൾ അടിയന്തിര പ്രാധാന്യ ത്തോടെ ഏറ്റെടുത്ത് നിർവഹണം നടത്താവുന്നതാണ്.

(i) കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ

(ii) കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, വെള്ളം, ശുചിത്വ-മാലിന്യ

സംസ്കരണ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തൽ

(iii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ

(iv) പരാമർശം 7 പ്രകാരം നടപ്പാക്കുന്ന കമ്മ്യൂണിറ്റി കിച്ചണിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം

(v) പരാമർശം 3 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ 'വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ' പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ടുകൾ

(vi) അങ്കണവാടി പോഷകാഹാര പ്രോജക്ടുകൾ

(vii) പാലിയേറ്റീവ് കെയർ പ്രോജക്ട്

(viii) സർക്കാർ നിർദേശിക്കുന്ന മറ്റ് അടിയന്തിര പ്രോജക്ടുകൾ

2.2 സർക്കാർ നിർദ്ദേശ പ്രകാരം ഓരോ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മാത്രമേ അതത് തലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടുള്ളൂ.

2.3 അടിയന്തിര സ്വഭാവത്തോടെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കേണ്ട സാഹചര്യം ഉള്ളതുകൊണ്ട് അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റിയറിംഗ് കമ്മിറ്റി വിളിച്ച് ചേർത്ത് പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാവുന്നതാണ്. എന്നാൽ ഈ തീരുമാനങ്ങൾ ആദ്യം ചേരുന്ന ഭരണസമിതി യോഗത്തിൽ തന്നെ അവതരിപ്പിക്കേണ്ടതാണ്.

2.4 ഈ ഉത്തരവു പ്രകാരമുള്ള ആവശ്യങ്ങൾക്ക് തനത്/വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്. ആശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്.

2.5 ഇവയ്ക്കായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിലെ "അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ" (ജി.ഒ. പ്രകാരമുള്ള പ്രോജക്ടുകൾ) എന്ന സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

2.6 പ്രോജക്ടുകൾക്ക് വെറ്റിംഗ് ആവശ്യമില്ല. ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതിയും ആവശ്യമില്ല. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.

2.7 എസ്റ്റിമേറ്റ് ആവശ്യമുള്ള പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങി നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.

2.8 പ്രോജക്ടുകളുടെ ബില്ലുകൾ തയ്യാറാക്കുന്നതിനും ഏപ്രിലിൽ അനുവദിക്കുന്ന ആദ്യ ഗഡു തുക ഉപയോഗിച്ച് ട്രഷറിയിൽ നിന്നും അവ മാറുന്നതിനുമുള്ള ക്രമീകരണങ്ങൾ സുലേഖ, സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തുന്നതാണ്.

2.9 വാർഷിക പദ്ധതിക്ക് ഇതിനോടകം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ, അടിയന്തിര സ്വഭാവത്തോടെ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ എല്ലാം തന്നെ വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് വിഹിതം കണ്ടെത്തി വാർഷിക പദ്ധതിയുടെ

ഭാഗമാക്കേണ്ടതാണ്.

2.10 വാർഷിക പദ്ധതിക്ക് ഇതിനോടകം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ ഉത്തരവ് പ്രകാരമുള്ള അടിയന്തിര പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് ലഭ്യമായ വിഹിതത്തിന് അനുസൃതമായി പ്രോജക്ടുകൾ പുനക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
6. എല്ലാ ജില്ലാ കളക്ടർമാർക്കും
7. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
8. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും
9. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും
10. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
12. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

1. ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ബഹു. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
5. റവന്യൂ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) യുടെ പി.എയ്ക്ക്
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എയ്ക്ക്-

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ